(Pages : 4)

**1601**

# S.S.L.C. EXAMINATION, MARCH - 2016.

## MALAYALAM

First Language - Paper I

Time : 1½ Hours | Total Score : 40

**നിർദ്ദേശങ്ങൾ :**

- ആദ്യത്തെ പതിനഞ്ചു മിനിറ്റ് സമാശ്വാസ സമയമാണ്.
- ഇത് ചോദ്യങ്ങൾ വായിക്കുന്നതിനും മനസ്സിൽ ഉത്തരങ്ങൾ ക്രമീകരിക്കുന്നതിനുമായി പ്രയോജനപ്പെടുത്തണം
- ചോദ്യനിർദേശങ്ങൾ ശ്രദ്ധിച്ചു വായിച്ച് മനസ്സിലാക്കിയതിന് ശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം

Score

**ഒന്നു മുതൽ നാലുവരെയുള്ള ചോദ്യങ്ങൾക്ക് ഒരു സ്കോർ വീതം** **4x1=4**

1. സഖിമാരേ, നമുക്കു ജനക പാർശ്വേ

ചെന്നാലല്ലീ കൗതുകം?

സകല ഭൂതലഗതകഥകൾ ചിലർ പറയും

സമയം കഴിപ്പതിനു സദുപായമിതു നല്ലൂ.

- ജനക പാർശ്വത്തിൽ പോകാമെന്ന് ദമയന്തി പറയുന്നത് എന്തുകൊണ്ടാകാം ?

- രാജസഭയിൽ ഇരിക്കാനുള്ള താൽപ്പര്യം കൊണ്ട്
- ചിലർ ലോകകഥകൾ പറയുമ്പോൾ അതിൽ നള കഥയും ഉണ്ടാകാം എന്ന പ്രതീക്ഷയിൽ
- സമയം പോക്കാൻ മറ്റുമാർഗങ്ങൾ ഇല്ലാത്തതുകൊണ്ട്
- പിതാവിന്റെ സാമീപ്യം ആഗ്രഹിക്കുന്നതു കൊണ്ട്

2. ഭൂഷണജാലം എന്ന പദത്തെ ഘടകപദങ്ങളാക്കുന്നത് എങ്ങനെ ?

- ഭൂഷണങ്ങളുടെ ജാലം
- ഭൂഷണമാകുന്ന ജാലം
- ജാലമുണ്ടാക്കുന്ന ഭൂഷണം
- ഭൂഷണവും ജാലവും

3. നൂറ്റുവരുടെ സഹോദരിയായ ദുശ്ശളയെ <u>വേട്ട</u> ജയദ്രഥന്റെ രാജ്യമാണത്.

<u>വേട്ടയ്ക്കു</u> പുറപ്പെട്ട രാജാവ് വനത്തിലെത്തി.

- അടിവരയിട്ടിരിക്കുന്ന പദങ്ങളുടെ അർത്ഥവ്യത്യാസം എഴുതുക.

P.T.O.

Score

4. കിണറ് അടിവരെ താഴ്ന്നതോടെ ഉതുപ്പാന്റെ മടിശ്ശീലയുടെ നെല്ലിപ്പലകയും കണ്ടു.

- 'നെല്ലിപ്പലക കാണുക' എന്ന ശൈലിയുടെ അർത്ഥം വെളിവാക്കുന്ന മറ്റൊരു വാക്യം എഴുതുക.

**അഞ്ചു** മുതൽ **എട്ടു** വരെയുള്ള ചോദ്യങ്ങൾക്ക് **രണ്ട് സ്കോർ** വീതം. 4x2=8

5. "മാറ്റ്യാൻ മാറ്റ്യാൻ എന്നാണ് എല്ലാവരും എന്നെ വിളിക്കാറ് "

- 'മുരിഞ്ഞപ്പേരീം ചോറും' എന്ന ഭാഗത്ത് ഇങ്ങനെ പറയുന്ന കഥാപാത്രം യഥാർത്ഥത്തിൽ മാറ്റ്യാൻ ആണോ? എന്തുകൊണ്ട് ? വ്യക്തമാക്കുക.

6. "പ്രിയ രാഘവ! വന്ദനം ഭവാ-

ന്നുയരുന്നൂ ഭുജശാഖ വിട്ടു ഞാൻ

ഭയമറ്റു പറന്നു പോയിടാം

സ്വയമദ്യോവിലൊരാശ്രയം വിന"

- സ്ത്രീ സ്വാതന്ത്ര്യത്തിന്റെ ഏതെല്ലാം തലങ്ങളാണ് സീതയുടെ ഈ വിടപറയലിലൂടെ കുമാരനാശാൻ അവതരിപ്പിക്കുന്നത് ?

7 'അങ്ങനെ വ്യസനിക്കരുത്' യുവാവു പറഞ്ഞു: 'കടലിന്റെ വക്കത്തു പാർക്കുവാനും ഭാഗ്യം വേണം. രാത്രിയിൽ കടലിന്റെ പാട്ടും കേട്ട് നക്ഷത്രങ്ങളും നോക്കിക്കൊണ്ട് മലർന്നു കിടക്കുവാനുള്ള ഭാഗ്യം നിങ്ങൾക്കില്ലേ ?

- യുവാവിന്റെ എന്തു മനോഭാവമാണ് ഈ വാക്യങ്ങളിൽ തെളിയുന്നത് ?

8. എന്നിലെ ബുദ്ധിജീവി ദുഃസ്വപ്നങ്ങൾ കാണുമ്പോൾ എന്നിലെ മണ്ണുണ്ണി എനിക്ക് വേറെ ഒന്നാന്തരം ഉറപ്പുകൾ തരുന്നു.

- ഇവിടെ മണ്ണുണ്ണി എന്ന പ്രയോഗം നൽകുന്ന സവിശേഷാർത്ഥം വ്യക്തമാക്കുക.

**ഒൻപത്** മുതൽ **പതിമ്മൂന്നു** വരെയുള്ള ചോദ്യങ്ങളിൽ **ഏതെങ്കിലും നാലെണ്ണത്തിന്** ഉത്തരമെഴുതുക. (അരപ്പുറം - നാലു സ്കോർ) 4x4=16

9. "എന്നെപ്പോലെ ഒരാൾ കുട്ടികളുടെ ഫാഷൻ ഷോ കവർ ചെയ്യാനോ" ?

"എന്തുകൊണ്ട് പാടില്ല? താങ്കൾ ഈ ബൂർഷ്വാ വാല്യൂസൊക്കെ കളയണം. പിന്നെ എന്നോട് തർക്കിക്കാൻ വരരുത്......"

- ആർട്ട് അറ്റാക്ക് എന്ന കഥയിലെ ശിവരാമന്റെയും രവി ഭൂഷന്റെയും ഈ നിലപാടുകൾ താരതമ്യം ചെയ്ത് കുറിപ്പെഴുതുക.

Score

10. ''എല്ലാ സാഹിത്യങ്ങളിലുമായി ചിത്രീകൃതരായ അനേകായിരം സ്ത്രീകളിൽ തൊണ്ണൂറു ശതമാനവും പുരുഷന്റെ ദുഷ്പ്രഭുത്വത്തിൻ കീഴിൽ ദുർഭഗത്വം വരിക്കേണ്ടിവന്നവരാണ്. അവരുടെ പേരിൽ വീണ്ടും വീണ്ടും ലോകത്തിലെ വായനക്കാർ വേദനിച്ചു കൊണ്ടിരിക്കുന്നു..... ഈ പഴഞ്ചൻ സാമൂഹ്യനീതിയെ ധീരമായി ചോദ്യം ചെയ്യാനുള്ള ഒരു മനസ്ഥിതി വായനക്കാർക്ക് ഉണ്ടാകുന്നില്ല.''
- ഇതിന് മുണ്ടശ്ശേരി പറയുന്ന കാരണമെന്ത് ? ഇന്ന് ഈ മനസ്ഥിതിക്ക് മാറ്റം വന്നിട്ടുണ്ടോ ? നിങ്ങളുടെ നിരീക്ഷണം സമർത്ഥിക്കുക.

11. '' ആ പാടത്തുകൂടി പെട്ടിയും തൂക്കിപ്പിടിച്ചു പോകുന്ന രൂപത്തെ അവൾ നോക്കി നിന്നു. അരുവി അതിന്റെ ജീവിതഗാനം പാടിക്കൊണ്ടിരുന്നു.''
- 'പട്ടാളക്കാരൻ' എന്ന കഥയിൽ രാമൻ നായരും നാണിയും പിരിയുന്ന സന്ദർഭമാണല്ലോ ഇത്. നാണിയുടെ ജീവിതത്തിൽ പിന്നീടുണ്ടായ മാറ്റങ്ങളും അതിനുള്ള കാരണവും വിശകലനം ചെയ്ത് കുറിപ്പെഴുതുക.

12. '' അവയെൻ തലച്ചോറിൻ വാതായനങ്ങൾ- ഓരോ
ചുവടു വയ്ക്കുമ്പോഴും നേരിയ നോവിൽക്കൂടി
സ്മരണ പുതുക്കീടും ജീവിതക്കുറിപ്പുകൾ;
ധരയെയെന്നോടായിബ്ബന്ധിക്കും തായ്‌വേരുകൾ
വായിക്കും ഗ്രന്ഥങ്ങളിലക്ഷരം മങ്ങീടായ്‌വാൻ
ജീവിതമുൾക്കാഴ്ചയ്ക്കു നൽകിയ കണ്ണാടികൾ.''
- സാമൂഹിക മാറ്റത്തിനു വേണ്ടി പ്രവർത്തിച്ചവരുടെ പ്രതീകമാണോ 'വിണ്ട കാലടികൾ' ? ചർച്ചാക്കുറിപ്പ് തയ്യാറാക്കുക.

13. ''അവർക്കൊരു ഭയമില്ല, അവർക്കൊരു ശങ്കയുമില്ല. ഒരുത്തനൊരുത്തൻ മുമ്പും പിമ്പും തുണ നിൽക്കുമ്പോൾ ഏതു കൊമ്പിലും അവർ പോയിവരും. പറങ്കിമലയും കയറിവരും''
- 'തട്ടക'ത്തിലെ ഉണ്ണീരുക്കുട്ടിയും കുമ്മാളൂട്ടിയുമാണിവർ. ഇവരുടെ സൗഹൃദത്തിന്റെ സവിശേഷതകൾ വ്യക്തമാക്കി കുറിപ്പെഴുതുക.

ചോദ്യം 14 (A), (B) എന്നിവയിൽ **ഏതെങ്കിലും ഒന്നിന്** ഉത്തരമെഴുതുക. 1x6=6
(ഒരു പുറം - ആറു സ്കോർ)

14. (A) ഏതു യുദ്ധവും ഏറ്റവും കൂടുതൽ ബാധിക്കുന്നത് സ്ത്രീകളെയാണ്. ഗാന്ധാരീ വിലാപം, അർജ്ജുന വിഷാദയോഗം എന്നീ ഭാഗങ്ങൾ വിശകലനം ചെയ്ത് 'യുദ്ധം സർവ്വനാശകം' എന്ന വിഷയത്തിൽ ഉപന്യാസം എഴുതുക.

(B) ഒരു മനുഷ്യന്റെ രീതി അയാളുടെ സ്വഭാവത്തിന്റെ പ്രത്യേകതയെ സൂചിപ്പിക്കുക തന്നെ ചെയ്യും.

- കേസരി എ. ബാലകൃഷ്ണപിള്ള

- ഈ നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ ഉതുപ്പാൻ എന്ന കഥാപാത്രത്തിന്റെ രീതികളും സ്വഭാവ സവിശേഷതകളും വിശകലനം ചെയ്ത് കഥാപാത്ര നിരൂപണം തയ്യാറാക്കുക.

Score
1x6=6

15. ചുവടെ നൽകിയിരിക്കുന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക. (ഒരുപുറം)

എന്തിനിന്നും പൂത്തു ?

ഒന്നുമറിയാതെ കണിക്കൊന്ന പൂത്തു വീണ്ടും
കണ്ണിൽ നിന്നു പോയ്മറയാപ്പൊൻ കിനാക്കൾ പോലെ
പൊന്നു വയ്ക്കേണ്ടിടത്തൊരു പൂവ് മാത്രം വച്ചു
കൺ തുറന്നു കണികണ്ടു ധന്യരായോർ നമ്മൾ!
പൂവിരിയേണ്ടിടത്തെല്ലാം പൊന്നു തൂക്കാനല്ലോ
പൂതിയിന്നു നമുക്ക്! പൊന്നാശ പൂക്കും നെഞ്ചിൽ!
എങ്കിലുമിക്കണിക്കൊന്ന പൂത്തു നില്പൂ വീണ്ടും,
മൺചിരാതിൽ നിന്നഴകിൻ നൂൽത്തിരികൾ പോലേ!
ചന്തയിൽ നിന്നഞ്ചു രൂപയ്ക്കെന്നയൽക്കാർ വാങ്ങി-
ക്കൊണ്ടുവന്ന കൊച്ചു ശീമക്കൊന്നമലർ കാൺകെ,
തന്റേതല്ലാക്കിടാവിനെക്കണ്ട തള്ളയെപ്പോൽ
എന്റെ മുത്തശ്ശിക്കു പഴങ്കണ്ണു കലങ്ങുന്നു!
ഒന്നുമറിയാതെയെങ്ങോ പൂത്തു കണിക്കൊന്ന
പിന്നെയും ഭൂനന്ദിനിതൻ അശ്രുവാർന്ന പോലെ
എന്തൊരുഷ്ണ, മീവെയിലിൻ നീരൊഴുക്കിൽ നീന്തും
സ്വർണമത്സ്യജാലമിടതൂർന്നണഞ്ഞപോലേ,
എന്റെ നെഞ്ചിലെ കനലിൽ വീണെരിഞ്ഞ മോഹം
പിന്നെയും കിളുന്നു തൂവലാർന്നുയർന്ന പോലേ,
എങ്കിലുമീക്കണിക്കൊന്നയെന്തിനിന്നും പൂത്തു?
മണ്ണിലുണ്ടോ നന്മകൾ തൻ തുള്ളികൾ വറ്റാതെ?

ഒ. എൻ. വി. കുറുപ്പ്

-oOo-